# ഗുരുവിൻെറ വിലാപം

**വാസുദേവ് പുളിക്കൽ**

ചിങ്ങപ്പിറവിയിലാഹ്ലാദത്തിമിർപ്പുമായ്
ഗുരുദേവ ജയന്തിയാഘോഷത്തിനായ-
രങ്ങൊരുക്കിയനുയായികളുന്മേഷത്തോടെ.
വസന്താഗമനത്തിൽ പൂക്കളുടെ വർണ്ണരാജി.
തിരുവോണത്തിൻ സ്മരണയുണർത്താൻ
മനോഹരമാം അത്തണ്ഡൂക്കളമൊരുക്കുന്നമ്മമാർ.
ഓണസദ്യയും മാവേലിയും ഘോഷയാത്രയും
പഞ്ചാരി മേളത്തിൻ ശ്രുതിലയതരംഗങ്ങൾ.
വാദ്യഘോഷങ്ങളുടെ കോലാഹലം.
കൺകുളിർപ്പിക്കും താലപ്പൊലിയുടെയകമ്പടിയും
രാജാവിനു വെഞ്ചാമരം വീശും സുന്ദരിമാരും
ധനുമാസരാവുകളുടെ സ്മരണയുണർത്തും
നവ്യമാം ചുവടുവയ്പ്പോടുള്ള തിരുവാതിരയും
കാൽച്ചിലങ്കകളുടെ കിലുകില ശബ്ദവും
ആട്ടവും പാട്ടും കൂത്തും കലയുടെ മേളവും
ഹൃഹാതുരത്വത്തിന്നൊരു കൊച്ചു സാന്ത്വനം.
പേരിനൊരു സമ്മേളനവും ലഘുപ്രസംഗങ്ങളും
നിഷ്പ്രഭമാകുന്നു ജയന്തിയാഘോഷം
ഒണാഘോഷത്തിൻ വർണ്ണപ്പകിട്ടിൽ.

പിന്നെക്കന്നിയഞ്ചിനൊരു സമാധിക്കഞ്ഞി
പടം മടക്കി സ്വസ്ഥരായനുയായികൾ.
ചെയ്യതെന്തു ഗുരുതത്വ പ്രചാരണത്തിനായ്?
കൊണ്ടാടിയല്ലോ ഗുരുജയന്തിയും സമാധിയും
പൂർവ്വാധികം മോടിയോടെയെന്നു മറുപടി.
ആഘോഷവസ്തുവല്ല ഗുരുദേവനെന്നറിയും
നാൾ വരുമോയെന്നു ഗുരദേവസ്നേഹികൾ.

മൂക്കുപൊത്തിക്കും നാറ്റമുണ്ട് മദ്യത്തിന്
വിഷമാണതുണ്ടാക്കരുത് കുടിക്കരുതെന്ന
ഗുരുവിന്നാഹ്വാനം കാറ്റിലുലഞ്ഞു.
മദ്യത്തിൻ നാറ്റം അനുയായികൾക്കു സുഗന്ധം..
പ്രസ്ഥാനത്തിൻ തലപ്പത്തുണ്ടബ്ക്കാരികൾ
പണക്കാർക്കവർ വിളമ്പും നാറ്റമില്ലാത്ത മദ്യം
രാഷ്ട്രീയമില്ലാത്ത ഗുരുദേവനെ
രാഷ്ട്രീയത്തിൻ വലയത്തിൽ കുരുക്കി
നേട്ടങ്ങൾ കൊയ്യെടുക്കും നേതാക്കന്മാർ

‘കപടവൈഭവത്തിൻ’ പരാക്രമികൾ.

അനുയായികൾ തൻ ദിശാഭ്രംശത്തിൽ
അറിഞ്ഞില്ലല്ലോയിവരെന്നെയെന്ന് മനംനൊന്ത്
തലയിൽ കൈ വെച്ചു വിലപിച്ചു ഗുരു.
ഗുരുവിൻ ദുഃഖത്തിന്നോളങ്ങളിൽ
ഒലിച്ചു പോമോ മഹത്താം ഗുരുവചനങ്ങൾ?
ഗുരുവിൻ ലോകമനവികതാസ്വപ്നം
മായ്ച്ചു കളയുമോയീയനുയായികൾ?

കാലത്തിൻ പരിപാകത്തിലവയെല്ലാം
പ്രായോഗിക തലം പൂകുമെന്നാശിക്കാം.